www.prepp.in

Prepp
Your Personal Exams Guide

Language Code : **09**

इस पुस्तिका में **20** मुद्रित पृष्ठ हैं।
This booklet contains **20** Printed pages.

# SAS-24-I

**प्रश्न-पत्र-I / PAPER-I**

**मलयालम भाषा परिशिष्ट**

**Malayalam Language Supplement**

**भाग-IV & V / PART-IV & V**

मुख्य परीक्षा पुस्तिका संख्या / Main Test Booklet No.

मुख्य परीक्षा पुस्तिका कोड / Main Test Booklet Code

**I**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें। / FOR INSTRUCTIONS IN MALAYALAM SEE PAGE 2 OF THIS BOOKLET.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत** है **I**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   - भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   - भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

## INSTRUCTIONS FOR CANDIDATES

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page/marking responses in the Answer Sheet.
5. The CODE for this Language Booklet is **I**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   - Part-IV : Language-I (Malayalam) (Q. 91 to Q. 120)
   - Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) / Roll Number : in figures ____________________
: शब्दों में / in words ____________________

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________________ निरीक्षक के हस्ताक्षर : ____________________
Candidate's Signature : Invigilator's Signature :

Facsimile Signature Stamp of
Centre Superintendent : ____________________

Language Code : **09**

# SAS-24-I

പരീക്ഷാ ചെറുപുസ്തക സങ്കേതം

**I**

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്

**പേപ്പർ-I**

**മലയാളഭാഷ അനുബന്ധം**

**ഭാഗം IV & V**

**പറയുന്നതുവരെ ഈ പരീക്ഷാപുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരിക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യപരീക്ഷാപുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലിഷ്/ഹിന്ദീചോദ്യങ്ങൾ മുഖ്യപരീക്ഷാപുസ്തകത്തിലുണ്ട്. ഇതരഭാഷ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **I** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം** 2-ലും നിങ്ങളുടെ മുഖ്യപരീക്ഷാപുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷ അനുബന്ധത്തിലുള്ള ആതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഓബ്ജക്റ്റിവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം **IV**- ഭാഷ-**I** (മലയാളം) *(ചോദ്യം 91 - 120)*
   ഭാഗം **V**- ഭാഷ-**II** (മലയാളം) *(ചോദ്യം 121 - 150)*
7. ഭാഗം **IV** ൽ (ഭാഷ I) **30** ചോദ്യങ്ങളും ഭാഗം **V** ൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാളഭാഷയല്ലാതെ വേറെ ഭാഷ I/ഭാഷ II തിരഞ്ഞടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി ഏടുത്തിരിക്കുന്നത് ആതേ ഭാഷയിലെ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽനിന്നു വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാപുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തരപുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ______________________________

റോൾ നമ്പർ : (അക്കത്തിൽ) : ______________________________

: (അക്ഷരത്തിൽ): ______________________________

പരീക്ഷാകേന്ദ്രം (വലിയ അക്ഷരത്തിൽ): ______________________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് : ________________

Facsimile signature stamp of
Centre Superintendent ______________________________

**ഭാഷ I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV (Q.No. 91-120)**, if they have opted **MALAYALAM** as **Language-I** only.

# PART-IV
# LANGUAGE-I
# MALAYALAM

| |
|---|
| **ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക. |

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

വിഷു എന്ന സംസ്കൃതവാക്കിന് 'തുല്യമായത്' എന്നാണ് അർത്ഥം. വിഷുദിവസം രാവും പകലും സമയത്തിൽ തുല്യമാണ് എന്ന താൽപ്പര്യത്തിലാണ് ഈ പ്രയോഗം.

മലയാളികളുടെ സ്വന്തം കാലഗണനയായ 'കൊല്ലവർഷ'ത്തിന്റെ ആരംഭം വിഷുദിനത്തിലാണ്. അതിലെ ആദ്യമാസമായ മേടത്തിലെ ഒന്നാം തീയതിയാണ് മിക്കപ്പോഴും വിഷു വരുന്നത്. കൊല്ലവർഷത്തിന് 'മലയാളവർഷം' എന്നും പറയും. ഇംഗ്ലീഷിൽ പണ്ട് അതിന് Malabar Era എന്നു പറഞ്ഞിരുന്നു. ഈ സന്ദർഭത്തിൽ മലബാർ എന്നതിനു കേരളം എന്നുതന്നെ അർത്ഥം. പഴയ ചരിത്രകൃതികളിൽ കേരളം എന്ന താൽപ്പര്യത്തിൽ മലബാർ എന്ന പരാമർശം കാണാം.

വിഷുവിന്റെ ആഘോഷങ്ങളിൽ പ്രധാനം കണിയാണ്. അന്നു രാവിലെ കണ്ണു തുറക്കുമ്പോൾ ശ്രീകൃഷ്ണരൂപം, വെള്ളരി, കണ്ണാടി, സ്വർണ്ണം, നാണയം, ചന്ദനം മുതലായ ഐശ്വര്യ സൂചകങ്ങളായ വസ്തുക്കൾ ഒരുക്കിവച്ച് കണി കാണണം. ആദ്യത്തെ കാഴ്ചയെയാണ് 'കണി' എന്നു പറയുന്നത്. ഈ വിഷുക്കണി വർഷം മുഴുവൻ ഐശ്വര്യം കൊണ്ടുവരും എന്നാണ് വിശ്വാസം. മംഗളമായത് കണികണ്ടാൽ കാര്യങ്ങൾ ശുഭമായിത്തീരും എന്നു കരുതുന്നവർ ധാരാളമുണ്ട്. പഴയകാലത്ത് കണിക്ക് പ്രാധാന്യമുണ്ടായതുകൊണ്ടാണ് രാജാക്കന്മാർ കണികാണാൻ നിത്യവും മുറ്റത്തു കൊമ്പനാനയെ ഒരുക്കിനിർത്തിയിരുന്നത്.

'വിഷുക്കൈനീട്ടം' മറ്റൊരു പ്രധാന ചടങ്ങാണ്. അന്നു ഗൃഹനാഥൻ വീട്ടുകാർക്കും പരിചാരകർക്കും ആശ്രിതർക്കും വലുതോ ചെറുതോ ആയ ഒരു സംഖ്യ ദാനം ചെയ്യുന്നതിനെയാണ് 'വിഷുക്കൈനീട്ടം' എന്നു പറയുന്നത്. ആദ്യമായിക്കിട്ടുന്ന എന്തിനും 'കൈനീട്ടം' എന്നു പറയും. ദിവസം തുടങ്ങുമ്പോൾ ആദ്യമായി സാധനം വാങ്ങിയ ആൾ പീടികക്കാരനു കൊടുക്കുന്ന വില കൈനീട്ടമാണ്. അന്നു കച്ചവടം നന്നായാൽ കൈനീട്ടം നന്ന് എന്നും മോശമായാൽ കൈനീട്ടം ചീത്ത എന്നും പറയും. ചിലരുടെ 'കൈ'നല്ലതായതിനാൽ ഭാഗ്യം വരുമെന്നും ചിലരുടേത് നല്ലതല്ലാത്തതിനാൽ ദൗർഭാഗ്യം വരുമെന്നും ഉള്ള വെറും അന്ധവിശ്വാസം മാത്രമാണിത്.

**91.** കേരളം എന്ന് ഉദ്ദേശിച്ച് 'മലബാർ' എന്ന് എഴുതിക്കാണുന്നത് ?

(1) ശാസ്ത്രകൃതികളിൽ
(2) ആത്മകഥകളിൽ
(3) ചരിത്രകൃതികളിൽ
(4) കവിതകളിൽ

**92.** മലയാളവർഷാരംഭം എന്ന് ?

(1) ജനുവരി ഒന്നിന്
(2) വിഷുവിന്
(3) ഓണത്തിന്
(4) ദീപാവലിക്ക്

Prepp
Your Personal Exams Guide

93. കൈനീട്ടം കൊടുക്കുന്നതാര് ?
(1) കുട്ടികൾ (2) ആശ്രിതർ (3) പരിചാരകർ (4) ഗൃഹനാഥൻ

94. ഈ ഗദ്യഭാഗം ഏതു വിഷയത്തോടു ബന്ധപ്പെട്ടതാണ് ?
(1) ശാസ്ത്രം (2) പുരാവൃത്തം
(3) സംസ്കാരപഠനം (4) കാലാവസ്ഥാപഠനം

95. 'മഗംളം' എന്നതിന്റെ നാനാർത്ഥത്തിൽ പെടാത്തത് ഏത് ?
(1) ശുഭം (2) ശിവം (3) അനർഗളം (4) കല്യാണം

96. കട നടത്തുന്നയാൾ എന്നർത്ഥത്തിൽ ഇതിൽ പ്രയോഗിച്ചിട്ടുള്ള വാക്ക് ?
(1) രാജാവ് (2) പീടികക്കാരൻ
(3) ഗൃഹനാഥൻ (4) പരിചാരകൻ

97. വിഷുക്കണിയിൽ മുഖ്യസ്ഥാനത്തുള്ള ദേവൻ ?
(1) ശ്രീകൃഷ്ണൻ (2) ശിവൻ (3) ശ്രീരാമൻ (4) ഗണപതി

98. കണികാണുന്നതിന് രാജാവ് മുറ്റത്ത് കൊമ്പനാനയെ ഒരുക്കിനിർത്തുന്നത് എന്ന് ?
(1) എല്ലാദിവസവും (2) മേടം ഒന്നിന്
(3) വിഷുദിവസം (4) വല്ലപ്പോഴും

99. 'വിഷുക്കൈനീട്ടം' എന്നതിലെ സന്ധി ?
(1) ആഗമം (2) ദ്വിത്വം (3) ലോപം (4) ആദേശം

**താഴെക്കൊടുത്തിട്ടുള്ള പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

സന്നികൃഷ്ടാബ്ധിതൻ ഗംഭീരശൈലിയും,
സഹ്യഗിരിതന്നടിയുറപ്പും,
ഗോകർണ്ണക്ഷേത്രത്തിൻ നിർവൃതികൃത്ത്വവും;
ശ്രീകന്യാമാതിൻ പ്രസന്നതയും,
ഗംഗപോലുള്ള പേരാറ്റിൻ വിശുദ്ധിയും,
തെങ്ങിളങ്കായ്നീരിൻ മാധുര്യവും,
ചന്ദനൈലാലവംഗാദിവസ്തുക്കൾതൻ
നന്ദിതഘ്രാണമാം തൂമണവും,
സംസ്കൃതഭാഷതൻ സ്വാഭാവികൗജസ്സും,
സാക്ഷാൽത്തമിഴിന്റെ സൗന്ദര്യവും,
ഒത്തുചേർന്നുള്ളോരു ഭാഷയാണെൻഭാഷ-
മത്താടിക്കൊൾകഭിമാനമേ, നീ!

100. 'സ്വാഭാവികൗജസ്സ്' എന്നത് പിരിച്ചെഴുതുന്നത് എങ്ങനെ ?
(1) സ്വ + ഭാവികൗജസ്സ് (2) സ്വാഭാ + വികൗജസ്സ്
(3) സ്വാഭാവിക + ഔജസ്സ് (4) സ്വാഭാവിക + ഓജസ്സ്

**101.** സകലഗുണങ്ങളും തികഞ്ഞ ഭാഷ ഏത് ?

(1) അയൽഭാഷ (2) മലയാളം (3) സംസ്കൃതം (4) തമിഴ്

**102.** 'നിർവൃതി' എന്നതിന്റെ അർത്ഥം ?

(1) അങ്ങേയറ്റത്തെ ആനന്ദം (2) ആകൃതി

(3) ഏറ്റവും വലിയ നേട്ടം (4) വികൃതി

**103.** 'പർവത'ത്തിന്റെ പര്യായമായി ഈ കാവ്യ ഭാഗത്തുള്ള വാക്ക് ?

(1) ഗിരി (2) ശൈലി (3) ചന്ദ്രൻ (4) കായ്

**104.** സുന്ദരമായ ഭാഷ ഏത് ?

(1) സംസ്കൃതം (2) തുളു (3) തമിഴ് (4) ബ്രാഹുയി

**105.** കടലിന്റെ സവിശേഷത എന്ത് ?

(1) മാധുര്യം (2) ഗാംഭീര്യം (3) ഉറപ്പ് (4) തൂമണം

**106.** തുടർന്നു വരുന്നവയിൽ, താഴെക്കൊടുത്തിട്ടുള്ള വാക്യത്തോടു ബന്ധപ്പെട്ട് ശരിയല്ലാത്തത് ഏത് ?
പ്രാസങ്ങൾ, ഗാനങ്ങൾ, കീർത്തനങ്ങൾ എന്നിവ കുട്ടികൾക്ക് ________ ഉള്ള മാർഗ്ഗമാണ്.

(1) പദസമ്പത്തുവികസനത്തിന്

(2) വാക്കുകൾ ഹൃദിസ്ഥമാക്കുന്നതിനും വാക്യഘടനയ്ക്കും

(3) ഉച്ചാരണപ്രയോഗം

(4) പ്രകടനം മെച്ചമാക്കാനും വാക്യതാളത്തിനും

**107.** പ്രാഥമികതലത്തിൽ ഗ്രന്ഥശാലയുടെ ഉപയോഗം സംബന്ധിച്ച് തെറ്റായത് താഴെക്കാണുന്നവയിൽ ഏതൊരെണ്ണമാണ് ? ഗ്രന്ഥശാലയെ വെറുമൊരു പുസ്തകസംഭരണ സ്ഥലം മാത്രമായി കാണുന്നതിനെക്കാൾ,

(1) പഠിതാക്കളെ ബാലസാഹിത്യത്തിന്റെ വിവിധ ജനുസ്സുകളിലേക്കു നയിക്കാൻ കഴിയുന്നതാണ്.

(2) പുസ്തകങ്ങളുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്ന സക്രിയപരിസരമായിട്ട്.

(3) ഗ്രന്ഥശാലകളിൽ അധ്യാപകർക്കും മറ്റു മുതിർന്ന വ്യക്തികൾക്കും കൂടി മാതൃകാപരമായ വായനശീലം നേടാവുന്നതാണ്.

(4) ഗ്രന്ഥശാലയിൽ പുസ്തകം ഉറക്കെ വായിക്കുന്ന രീതി ഏറ്റവും നന്നായിട്ടു നടപ്പിലാക്കാവുന്നതാണ്.

Prepp
Your Personal Exams Guide

**108.** താഴെ കൊടുത്തവയിൽ സാക്ഷരത കൈവരിക്കുന്നതിന് വൈദഗ്ധ്യം നേടിയിരിക്കേണ്ടത് ഏതിലാണ് ?

(1) സ്വരശാസ്ത്രാവബോധവും അനർഗ്ഗളതയും

(2) പദാവലീനിർണയവും ഘടനാവിവേചനവും

(3) ഭാഷാസംഗ്രഹണവും ഡീകോഡിങ്ങും

(4) കൃത്യതയും സ്വരശാസ്ത്രധാരണയും

**109.** താഴെ കൊടുത്തിട്ടുള്ളവയിൽ വ്യാകരണം ഫലപ്രദമായി പഠിപ്പിക്കുന്നതിനെ സംബന്ധിച്ച് ശരിയല്ലാത്തത് ഏത് ?

(1) സ്വാഭാവികമായ ആശയവിനിമയം സാധ്യമാക്കുക.

(2) പ്രസക്തമായ വ്യാകരണനിയമങ്ങൾ നേടുക.

(3) ആശയസംവേദനത്തിൽ പരിശീലനം നല്കുക.

(4) നിയമങ്ങൾ ഹൃദിസ്ഥമാക്കി വ്യാകരണം പഠിക്കുക.

**110.** അക്ഷരങ്ങളും ശബ്ദങ്ങളും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നല്കുന്ന സാക്ഷരതാ ബോധനസമീപനമാണ് -

(1) സമഗ്രഭാഷാസമീപനം (2) വ്യാകരണവിവർത്തനം

(3) സാന്ദർഭികസമീപനം (4) ഉച്ചാരണാഭ്യസനം

**111.** ക്ലാസ് IIIലെ അധ്യാപിക, തന്റെ കുട്ടികളോട് അവരുടെ പങ്കാളികളോട് 'കഴിയുക' എന്ന വാക്ക് ഉപയോഗിച്ച് തങ്ങളുടെ കഴിവുകളെ സംബന്ധിച്ച അഞ്ചുചോദ്യങ്ങൾ ചോദിക്കാൻ ആവശ്യപ്പെട്ടു. ഉദാഹരണത്തിന്, 'നിങ്ങൾക്ക് നീന്താൻ കഴിയുമോ?' ഇത്തരം പ്രവൃത്തി എന്തിനുവേണ്ടിയാണ് ?

(1) അനർഗളമായ ഭാഷണപ്രയോഗത്തിന്

(2) നിയന്ത്രിതഭാഷണപ്രയോഗത്തിന്

(3) സ്വതന്ത്രഭാഷണത്തിന്

(4) പരോക്ഷശ്രദ്ധയ്ക്ക്

**112.** മൂന്നാംതരത്തിലെ അധ്യാപിക തന്റെ ക്ലാസിൽ ഒരു വായനമൂല ഒരുക്കാൻ ആഗ്രഹിക്കുന്നു. കുട്ടികളുടെ പുസ്തകങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ച വിധികൾക്കനുസൃതമായി, അവർ ഒന്നാമതായി പരിഗണിക്കേണ്ടതെന്തെന്ന്, താഴെക്കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽനിന്നു തിരഞ്ഞെടുക്കുക.

(1) ഈ കൃതികളുടെ കർത്താക്കൾ പ്രസിദ്ധരാണോ, ബാലസാഹിത്യ മേഖലയിൽ ആദരിക്കപ്പെട്ട എഴുത്തുകാരാണോ ?

(2) ആ പുസ്തകങ്ങൾ ക്ലാസിലെ മിക്കകുട്ടികളുടെയും സ്വതന്ത്രമായ വായനയ്ക്ക് പറ്റുന്നതാണോ ?

(3) ആ പുസ്തകങ്ങൾ മൂന്നാംതരത്തിലെ പാഠ്യപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ അഭിസംബോധന ചെയ്യുന്നതാണോ ?

(4) ഈ പുസ്തകങ്ങൾ ഒരു പഠന സന്ദർഭത്തിൽ കൂടുതൽ ഉപയോഗിക്കുന്നതിന് ഉചിതമാണോ ?

**113.** ജീവിതത്തിലെ സ്വാഭാവികസന്ദർഭത്തിന് അനുസരിച്ചു ഭാഷ ഉപയോഗിക്കുക എന്ന പഠിതാവിന്റെ മുഖ്യ ലക്ഷത്തിലേക്കെത്തിക്കുന്ന സമീപനം/സമ്പ്രദായം ഏതാണ് ?

(1) സ്വാഭാവികസമീപനം

(2) ആശയവിനിമയസമീപനം

(3) ഋജുസമ്പ്രദായം

(4) ശ്രവണഭാഷാസമ്പ്രദായം

**114.** അധ്യാപിക പഠിതാക്കളോട് തങ്ങളുടെ വർക്ക്ബുക് പരസ്പരം കൈമാറാനും പങ്കാളിയുടേതിനെ പരിശോധിക്കാനും ആവശ്യപ്പെട്ടു. ഈ നിയോഗത്തിന്റെ ഉദ്ദേശ്യമെന്തെന്ന് എന്നാൽ,

(1) പരന്ന വായനയിൽ പരിശീലനം കൊടുക്കാൻ

(2) പുതിയ പദസമ്പത്തിൽ പരിശീലനം നല്കാൻ

(3) ഘടനകളിൽ നിയന്ത്രിതപരിശീലനം നല്കാൻ

(4) സതീർത്ഥ്യരുടെ തെറ്റുതിരുത്തൽ ശേഷികൾ വികസിപ്പിക്കാൻ

**115.** അടിസ്ഥാനഘട്ടത്തിലുള്ള കുട്ടികൾ പഠനത്തിൽ കൂടുതൽ മുഴുകുന്നത് എപ്പോഴാണെന്നു വച്ചാൽ -

(1) അധ്യാപികയ്ക്കു പിന്നാലെ അവർ പാട്ടു പാടുമ്പോൾ.

(2) അവർ പല ഇന്ദ്രിയങ്ങൾ ഉപയോഗിക്കുകയും തങ്ങളുടെ കൈകൾ സജീവതയോടെ ഉപയോഗിക്കുകയും ചെയ്യുമ്പോൾ.

(3) അവർ തങ്ങളുടെ നോട്ടുപുസ്തകങ്ങളിൽ അക്ഷരങ്ങൾ തിരിച്ചറിയുകയോ ആവർത്തിച്ച് എഴുതുകയോ ചെയ്യുമ്പോൾ.

(4) നല്ല ചലനശേഷികൾ വികസിപ്പിക്കുന്ന കാര്യത്തിൽ മാത്രം ശ്രദ്ധ ചെലുത്തുമ്പോൾ.

**116.** ക്ലാസ് Vലെ ഒരു കുട്ടി പറയുന്നു, 'എന്റെ അഭ്യാസം അദ്ധ്യാപികയ്ക്കു സമർപ്പിക്കുന്നതിനു മുൻപ് അതിന്റെ കൃത്യത ഉറപ്പാക്കാൻ ഒരു അന്തിമപരിശോധന നടത്തുന്നു'. ഈ കുട്ടി ഏതു രചനാഘട്ടത്തിലാണ് പ്രവർത്തിക്കുന്നത് ?

(1) നക്കൽതയ്യാറാക്കുക

(2) നക്കൽതിരുത്തിയെഴുതുക

(3) പ്രൂഫ്വായിക്കുക

(4) സതീർത്ഥ്യമൂല്യനിർണയം

**117.** ഭാഷാ ക്ലാസിൽ പഠിതാക്കളുടെ തദ്ദേശീയ ഭാഷയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാത്ത സമീപനം/ സമ്പ്രദായം ഏതാണ് ?

(1) സ്വാഭാവികസമീപനം

(2) ആശയവിനിമയസമീപനം

(3) ഋജുസമ്പ്രദായം

(4) ശ്രവണഭാഷാസമ്പ്രദായം

**118.** ക്ലാസ് IIലെ കുട്ടികൾക്കുവേണ്ടി വൈവിധ്യമാർന്ന അധ്യാപനപഠനവസ്തുക്കൾ (TLM) ശേഖരിക്കാൻ ഒരധ്യാപിക ആസൂത്രണം നടത്തുന്നു. താഴെക്കാണുന്നവയിൽ ടി എൽ എമ്മുകൾ തിരഞ്ഞെടുക്കുന്നതിൽ ശരിയല്ലാത്ത മാനദണ്ഡം ഏത് ?

(1) ആ പ്രായപരിധിയിലുള്ള കുട്ടികൾക്ക് ആകർഷകവും സുരക്ഷിതവുമായിരിക്കണം തിരഞ്ഞെടുത്ത വസ്തുക്കൾ.

(2) തിരഞ്ഞെടുത്ത വസ്തുക്കൾ കുട്ടികൾക്ക് ജിജ്ഞാസയോടെ കണ്ടെത്തലും പരീക്ഷണങ്ങളും നടത്തുന്നതിന് ഉചിതമായ അവസരങ്ങൾ പ്രദാനം ചെയ്യുന്നവയാകണം.

(3) തിരഞ്ഞെടുത്ത വസ്തുക്കൾ പ്രാദേശികമായി നിർമ്മിച്ചവയോ ലഭ്യതയുള്ളവയോ ആയിരിക്കണം. മാറ്റിവാങ്ങുന്നതിന് ഇത് സൗകര്യം നല്കുന്നതാണ്.

(4) തിരഞ്ഞെടുത്ത വസ്തുക്കൾ കുട്ടികൾ നിർമിച്ചവതന്നെയായിരിക്കണം, തന്നെയല്ല വഴുവഴുപ്പ് ഒഴിവാക്കുന്നതിന് പരുപരുത്ത പ്രതലത്തോടുകൂടിയവയും ആയിരിക്കണം.

**119.** ദേശീയപാഠ്യപദ്ധതീരൂപവത്കരണം (NCF) എല്ലാ കുട്ടികൾക്കും കാര്യക്ഷമത കൈവരിക്കാൻ സഹായിക്കുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതും സ്വാഗതം ചെയ്യുന്നതും സന്തുഷ്ടമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടി വരച്ചുകാട്ടുന്നത് ഏറ്റവും നന്നായി നടപ്പിലാക്കാവുന്നത് ?

(1) പൊള്ളുന്ന ചൂടിൽ കെട്ടിടത്തിനുള്ളിലെ പ്രവർത്തനങ്ങൾ നടത്തുകയും കെട്ടിടത്തിനു പുറത്തുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

(2) മുഖ്യമായും ശ്രദ്ധ ചെലുത്തേണ്ടത് പഠിതാക്കളുടെ നല്ല ആരോഗ്യത്തിലും അവർ സുഖമായിരിക്കുന്നതിലുമാണ്.

(3) കുട്ടികളുടെ പ്രവൃത്തികൾ വികസനത്തിന്റെ വിവിധ തലങ്ങളിൽ പ്രദർശിപ്പിച്ചുകൊണ്ട്.

(4) വർണ്ണാഭമായ അന്തരീക്ഷത്തിനുവേണ്ടി ക്ലാസ്മുറി അലങ്കരിക്കുന്നതിലൂടെ.

**120.** താഴെക്കൊടുത്തിട്ടുള്ളവയിൽ അടിസ്ഥാന ഘട്ടത്തിലെ പാഠപുസ്തകാസൂത്രണത്തിന് തത്ത്വം ആക്കാൻ പാടില്ലാത്തത് ഏത് ?

(1) പാഠ്യപദ്ധതീതത്ത്വം (2) പ്രകടനതത്ത്വം

(3) മൂർത്തസിദ്ധാന്തം (4) സാങ്കേതികതാസിദ്ധാതം

Prepp
Your Personal Exams Guide

**ഭാഷ II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V (ചോദ്യങ്ങൾ 121-150)** ഉത്തര-മെഴുതുക.

Candidates should attempt the questions from **Part-V (Q.No. 121-150)**, if they have opted **MALAYALAM** as **Language-II** only.

Prepp
Your Personal Exams Guide

# PART-V
# LANGUAGE-II
# MALAYALAM

**ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

**താഴെക്കൊടുത്തിട്ടുള്ള ഗദ്യ ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

വൃത്താന്തശേഖരണത്തിന് അടിസ്ഥാനമാർഗ്ഗങ്ങളിലൊന്നാണ് അഭിമുഖസംഭാഷണം. ലേഖകവൃത്തിയിൽ വിജയം കൈവരിക്കണമെങ്കിൽ, തന്മൂലം അഭിമുഖസംഭാഷണത്തിന്റെ 'ടെക്നിക്കുകൾ' അറിഞ്ഞേ ഒക്കൂ.

മറ്റൊരാളിൽനിന്നു വിവരങ്ങളും അഭിപ്രായങ്ങളും ചോർത്തിയെടുക്കുകയെന്നതു വിചാരിക്കുന്നതുപോലെ എളുപ്പമുള്ള കാര്യമല്ല. എല്ലാം തുറന്നുപറയുന്ന ശുദ്ധാത്മാക്കളില്ലെന്നില്ല. പക്ഷേ ലേഖകൻ കണ്ടുമുട്ടുന്നവരിലധികവും മറിച്ചുള്ളവരായിരിക്കും. ശുദ്ധാത്മാക്കൾപോലും, സംസാരിക്കുന്നതു ലേഖകനോടെന്നറിയുമ്പോൾ, ഉള്ളതൊക്കെ പറയാൻ മടിച്ചേക്കും. ചിലപ്പോൾ പത്രദ്വാരാ സിദ്ധിക്കുന്ന പ്രസിദ്ധി ഇഷ്ടപ്പെടാത്തവരായിരിക്കും, അല്ലങ്കിൽ 'വേണ്ടാത്ത ഗുലുമാലി'നൊന്നും കഴിയില്ലെന്നു വിചാരിക്കുന്നവരായിരിക്കും; അതുമല്ലെങ്കിൽ പറയുന്നതിലെന്തെങ്കിലും അബദ്ധം വന്നാലോ എന്നു ഭയപ്പെടുന്നവരായിരിക്കും; ബഹുജനം പലവിധമാണല്ലോ. അതറിഞ്ഞു സമീപിക്കാനുള്ള വിവേകം ലേഖകനുണ്ടാവണം. അഭിമുഖസംഭാഷണത്തിന്റെ വിജയം ലേഖകന്റെ സമീപനത്തെ ആശ്രയിച്ചാണിരിക്കുക.

സംഭാഷകന്റെ വിശ്വാസം ആർജ്ജിക്കുകയാണ് ലേഖകൻ ആദ്യം വേണ്ടത്, തുറന്ന, സത്യസന്ധമായ, പെരുമാറ്റമാണ് അതിനേറ്റവും പറ്റിയ മാർഗ്ഗം, ആളും തരവും നോക്കി പെരുമാറാനുള്ള കഴിവ്, ഇത്തരം സന്ദർഭങ്ങളിൽ, ലേഖകനു വമ്പിച്ച മുതൽക്കൂട്ടാണ്.

സംഭാഷണംകൊണ്ടു സാധിക്കേണ്ടതെന്താണെന്നു ലേഖകനു വ്യക്തമായ ധാരണയുണ്ടായിരിക്കണം. വിവരം ശേഖരിക്കുകയാണ് ഉദ്ദേശ്യമെങ്കിൽ എന്തു വിവരങ്ങളാണ് അറിയേണ്ടതെന്നു മനസ്സിൽ ഉറപ്പുണ്ടായിരിക്കണം. അതിനനുസരിച്ച ചോദ്യങ്ങളും ഉള്ളിൽ കണ്ടിരിക്കണം. പിന്നീടു സംഭാഷണം എങ്ങനെ വികസിക്കുന്നുവോ അതനുസരിച്ച് കൂടുതൽ ചോദ്യങ്ങൾ ചോദിക്കാനും കഴിവുണ്ടായിരിക്കണം.

അഭിപ്രായം ആരായുന്നതിന് അല്ലെങ്കിൽ 'ഫീച്ചർ ഇന്റർവ്യൂ' വിന് ആണ് അഭിമുഖസംഭാഷണം നടത്തുന്നതെങ്കിൽ കുറേക്കൂടി വിപുലമായ തയ്യാറുകൾ ആവശ്യമാണ്. ഏറെക്കുറെ പ്രശസ്തനോ പ്രമാണിയോ ആയ ഒരാളെയായിരിക്കുമല്ലോ ലേഖകൻ അഭിമുഖീകരിക്കുക. സന്ദർശനത്തിനിറങ്ങുന്നതിനു മുൻപ് അദ്ദേഹത്തെക്കുറിച്ചു കിട്ടാവുന്നിടത്തോളം വിവരം മനസ്സിലാക്കിവയ്ക്കുന്നതു കൊള്ളാം. അദ്ദേഹത്തിന്റെ സ്വഭാവം, വിദ്യാഭ്യാസം, ഇതഃപര്യന്തമുള്ള ചരിത്രം, പശ്ചാത്തലം, അഭിരുചികൾ ഇത്യാദി, തെറ്റായ ചോദ്യങ്ങൾ ചോദിച്ച് അലോസരപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം.

**121.** എളുപ്പമല്ലാത്ത കാര്യം എന്ത് ?

(1) ചോർത്തിയെടുക്കൽ (2) ആളും തരവും നോക്കുക

(3) ഉള്ളതു പറയുക (4) വിശ്വാസം നേടുക

**122.** 'പത്രദ്വാരാ' എന്നതിന്റെ അർത്ഥം ?

(1) പത്രത്തിന്റെ ദ്വാരം (2) പത്രത്തിലൂടെ

(3) പത്രത്തിന്റെ ഉത്തരം (4) പത്രത്തിലേക്ക്

**123.** ശല്യം ചെയ്യുക എന്നർത്ഥത്തിൽ ഇവിടെ കാണുന്ന പ്രയോഗം ?

(1) ഭയപ്പെടുക (2) വിചാരിക്കുക

(3) അലോസരപ്പെടുത്തുക (4) ഇതഃപര്യന്തമുള്ള

**124.** 'സുബദ്ധം' എന്നതിന്റെ വിപരീതാർത്ഥത്തിൽ ഇതിലുള്ള പദം ?

(1) ഏറ്റവും (2) അബദ്ധം (3) പലവിധം (4) സത്യസന്ധം

**125.** 'അഭിമുഖം' എന്നതിന്റെ വിപരീതം ?

(1) അനഭിമുഖം (2) ബഹുമുഖം (3) സുമുഖം (4) ദുർമുഖം

**126.** ഈ ഗദ്യം എന്തിനെപ്പറ്റി പ്രതിപാദിക്കുന്നു ?

(1) പത്രപ്രവർത്തനം (2) യാത്രാവിവരണം

(3) സ്വകാര്യസംഭാഷണം (4) നർമം

**127.** വാർത്ത സംഘടിപ്പിക്കാനുള്ള പ്രാഥമിക മാർഗം ഏത് ?

(1) ഗുലുമാൽ (2) ഫീച്ചർ (3) ഇന്റർവ്യൂ (4) അഭിപ്രായം

**128.** വിപുലമായതയ്യാറെടുപ്പു വേണ്ടത് എന്തിന് ?

(1) പെരുമാറുന്നതിന് (2) വിവരം ശേഖരിക്കുന്നതിന്

(3) സമീപിക്കുന്നതിന് (4) ഫീച്ചർ ഇന്റർവ്യൂവിന്

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

മന്ത്രങ്ങളും സ്തുതികളും ഉരുവിട്ടുകഴിഞ്ഞപ്പോൾ മനസ്സ് ശാന്തമായി. ഏകാഗ്രതയും ലഭിച്ചു. വളരെ സാവകാശത്തോടെ ഓരോ അടിയും സൂക്ഷിച്ച് കയറി ഏകദേശം മുക്കാൽഭാഗവും ഞാൻ പിന്നിട്ടു. കാറ്റിനും തണുപ്പിനും ശക്തി അടിക്കടി വർധിച്ചുകൊണ്ടിരുന്നു. അടുത്തെവിടെയോ ശക്തമായ ജലപ്രവാഹങ്ങൾ ഉദ്ഭവിക്കുന്നുണ്ട്. കാതുകൾ പൊട്ടിപ്പോകുന്ന വിധത്തിലുള്ള ഇരമ്പലാണ് അനുഭവപ്പെട്ടത്. തണുപ്പുമൂലം കിടുകിടാ വിറച്ചിരുന്നുവെങ്കിലും സൂക്ഷ്മതയോടെ ഓരോഅടിയുംവച്ച് ഞാൻ കയറി. ശ്വാസോച്ഛ്വാസത്തിന് കുറേശ്ശെ ബുദ്ധിമുട്ടനുഭവപ്പെട്ടുതുടങ്ങിയിരുന്നു. പാദങ്ങൾ വേണ്ടവിധത്തിൽ നിലത്ത് ഊന്നാനും വിഷമം അനുഭവപ്പെട്ടു. അത്യന്തം ദുഷ്കരമായ കുത്തനെയുള്ള ഒരു കയറ്റം, കീഴോട്ട് നോക്കിമാത്രം, കയറിക്കഴിഞ്ഞപ്പോൾ ഞാൻ നിരപ്പായ ഒരു പ്രദേശത്ത് എത്തിക്കഴിഞ്ഞിരുന്നു. കടുത്ത ക്ഷീണംമൂലം ഏതാനും മിനുറ്റുകൾ കീഴോട്ടുനോക്കി ആ നിൽപ്പുനിന്നു ആ പർവതത്തിന്റെ മുകളിൽ എത്തിക്കഴിഞ്ഞു എന്ന ബോധം എന്നിൽ ഉദിച്ചത് കുറച്ചുകഴിഞ്ഞശേഷം മാത്രമായിരുന്നു.

കൈലാസത്തെ മറച്ചുനിന്നിരുന്ന പർവതത്തിന്റെ ഏറ്റവും മുകൾഭാഗത്താണ് നിൽക്കുന്നത് എന്ന ബോധം എന്നിൽ ക്രമേണ തെളിഞ്ഞുവന്നു. കഷ്ടി നൂറടിയോളം ചുറ്റളവു കാണും മുകൾഭാഗത്തിന്. അതു കഴിഞ്ഞാൽ അഗാധമായ താഴ്‌വരയാണ്. കൈലാസത്തിന്റെ അടിഭാഗം ഈ താഴ്‌വരയിൽനിന്നാണ് രൂപപ്പെട്ടുവരുന്നത്. അടിഭാഗം മുഴുവനും പരന്നു കിടന്ന്, ക്രമേണ ത്രികോണാകൃതിയിൽ മുകളിലേക്ക് ഉയർന്നുപോകുന്ന രീതിയിലാണല്ലോ പർവതങ്ങളുടെയും മലകളുടെയും ആകൃതി. പക്ഷേ, കൈലാസപർവതം, ഒരു ശിവലിംഗത്തിന്റെ ആകൃതിയിൽ, ഭൂമിക്കടിയിൽനിന്നു പൊങ്ങി വന്നപോലെയാണ് നിലകൊള്ളുന്നത്. കഴിയാവുന്നത്ര മുന്നോട്ടു പോകണം എന്ന ചിന്ത എന്നിൽ വേരൂന്നിക്കൊണ്ടിരുന്നു. പക്ഷേ അതൊട്ടും എളുപ്പമായിരുന്നില്ല.

ശ്വാസം കിട്ടാനും ബുദ്ധിമുട്ടായി. ജലപാതങ്ങളുടെ ഘോരശബ്ദം ചെവികളിൽ ഒരു മൂളൽ ഉണ്ടാക്കി. പക്ഷേ, ഇടവിട്ടിടവിട്ട് കാതുകളിൽ വന്നലച്ചുകൊണ്ടിരുന്ന ഘനഗംഭീരമായ 'ഓം' ശബ്ദം എന്നെ തികച്ചും അദ്ഭുതപ്പെടുത്തി! പ്രത്യേക ഇടവേളകളിൽ കാതുകളിൽ മുഴങ്ങുന്ന ആ ശബ്ദം മനസ്സിനെ ഏകാഗ്രമാക്കി ഞാൻ വീണ്ടും വീണ്ടും ശ്രദ്ധിച്ചു.

ഞാൻ നിന്നിരുന്ന പ്രതലത്തിൽ വിശേഷാകൃതിയിലുള്ള കരിങ്കൽക്കഷണങ്ങൾ ചിതറിക്കിടന്നിരുന്നു. വിശിഷ്ടമായ പല അടയാളങ്ങളും, പ്രകൃതിദത്തമായ രീതിയിൽ, കല്ലുകളുടെ ഉപരിതലത്തിൽ തെളിഞ്ഞുകിടക്കുന്നത് ഭക്തിയും അദ്ഭുതവും കലർന്ന ഒരു വികാരത്തോടുകൂടി മാത്രമേ നോക്കിക്കാണാനാവൂ. ഉപരിതലത്തിൽ, കല്ലുകളൊഴികെ, മറ്റൊന്നും ഇല്ല. തികച്ചും ശൂന്യമാണ്. ഞാൻ ഇഞ്ചിഞ്ചായി മുന്നോട്ടു നീങ്ങാൻ ശ്രമിച്ചു. പക്ഷേ, അതിശക്തമായ കാറ്റു മൂലം ഉദ്ദേശിച്ചപോലെ മുന്നോട്ടു നീങ്ങാൻ കഴിഞ്ഞില്ല. വടി ബലമായി നിലത്തുകുത്തി ഊന്നിപ്പിടിച്ചശേഷം സാവധാനം

ഓരോചുവടും മുന്നോട്ടുവച്ചു. പലപ്പോഴും കാറ്റ് എന്നെ തൂക്കിയെടുത്ത് അത്യഗാധമായ താഴ്‌വരയിലേക്ക് എടുത്തെറിയും എന്നൊരു തോന്നൽ മനസ്സിൽ ഉണ്ടായി. ഉപരിതലത്തിന്റെ അറ്റത്തായി രണ്ടടിയോളം ഉയരത്തിൽ നില്ക്കുന്ന കരിങ്കൽപ്പടവിന്റെ അടുത്തെത്തുകയായിരുന്നു എന്റെ ലക്ഷ്യം.

**129.** കൈലാസത്തിന്റെ ആകൃതി എന്ത് ?

(1) ശിവലിംഗത്തിന്റെ (2) താഴ്‌വരയുടെ
(3) പാദങ്ങളുടെ (4) ത്രികോണത്തിന്റെ

**130.** കൈലാസത്തിന്റെ ഉദ്ഭവം എങ്ങനെ ?

(1) ഭൂമിക്കു മുകളിൽനിന്നു പൊങ്ങിവന്നതുപോലെ
(2) ഭൂമിക്കടിയിൽനിന്നു പൊങ്ങിവന്നതുപോലെ
(3) ഭൂമിയുടെ വശത്തുനിന്നു പൊങ്ങിവന്നതുപോലെ
(4) ഭൂമിയുടെ അടുത്തുനിന്നു പൊങ്ങിവന്നതുപോലെ

**131.** കൈലാസോപരിതലത്തിൽ ഉള്ളതെന്ത് ?

(1) വീടുകൾ (2) കല്ലുകൾ (3) കടകൾ (4) സ്കൂളുകൾ

**132.** മനസ്സ് ശാന്തമായത് എന്തുകൊണ്ട് ?

(1) തണുപ്പ് (2) കാറ്റ് (3) മന്ത്രജപം (4) കയറ്റം

**133.** 'അത്യഗാധം' എന്നതിലെ സന്ധി ?

(1) ലോപം (2) ആദേശം (3) ദ്വിത്വം (4) ആഗമം

**134.** ഇത് എന്തുതരം ആഖ്യാനമാണ് ?

(1) യാത്രാ വിവരണം (2) കവിത
(3) നാടകം (4) ശാസ്ത്രം

**135.** 'ധൃതിയിൽ' എന്നതിന്റെ വിപരീതാർത്ഥത്തിൽ ഇവിടെയുള്ള വാക്ക് ?

(1) ലക്ഷ്യം (2) ശൂന്യം (3) സാവധാനം (4) വിശിഷ്ടം

**136.** അടിസ്ഥാനഘട്ടത്തിലെ മൂല്യനിർണയോപകരണങ്ങളും പ്രക്രിയകളും ആസൂത്രണം ചെയ്യേണ്ടിരിക്കേണ്ട വിധം ഏതെന്നാൽ,

(1) സ്പഷ്ടമായ പരിശോധനകളും പരീക്ഷകളും പഠിതാക്കൾക്ക് യോജിച്ചതാകണം.
(2) അവ കുട്ടിയുടെ പഠനാനുഭവത്തിന്റെ സ്വാഭാവിക തുടർച്ചയായിരിക്കണം.
(3) പഠിതാക്കളുടെ പുരോഗതി ക്ലാസിലെ ആകെക്കൂടിയുള്ള പ്രകടനത്തോടു കൂടിവേണം വിവരിക്കേണ്ടതും വിശകലനം ചെയ്യേണ്ടതും.
(4) ക്ലാസിലെ എല്ലാ പഠിതാക്കളുടെയും നേട്ടങ്ങളെ വിലയിരുത്താൻ ഒരേയൊരു സമ്പ്രദായമേ അധ്യാപിക ഉപയോഗിക്കാവൂ.

**137.** കുട്ടികളുടെ ധാരണാപരമായ വികാസവും ഭാഷയും

(1) ഉദ്ദീപക-പ്രതികരണസിദ്ധാന്തത്തോടും അനുകരണപ്രക്രിയയോടും ബന്ധപ്പെട്ടിരിക്കുന്നു.

(2) ഒരോ വ്യക്തിയും ഭാഷയിൽ വിദഗ്ദ്ധനാകുന്നതിനുള്ള ഉപകരണവുമായി ജനിക്കുന്നു എന്നത്.

(3) വികസനത്തിന് ഒരു ബന്ധവുമില്ല.

(4) കുട്ടി ജീവിക്കുന്നിടത്തെ സംസ്കാരങ്ങളേടും സമൂഹങ്ങളോടും അടുത്ത ബന്ധം പുലർത്തുന്നത്.

**138.** ഒരാൾക്ക് ഒരു രണ്ടാംഭാഷ നന്നായി പഠിക്കാൻ കഴിയുന്നത്,

(1) വ്യാകരണത്തിൽ ശ്രദ്ധിക്കാൻ പറ്റുന്നതും അധ്യാപികയുടെ സഹായം കിട്ടാവുന്നതുമായ ക്ലാസ്മുറിയിൽ നിന്ന്.

(2) തദ്ദേശീയഭാഷകരുമായി അവരുടെ സമൂഹത്തിൽത്തന്നെ സ്ഥിരമായി ബന്ധപ്പെട്ടുകൊണ്ട്.

(3) ശ്രവണഭാഷാസമ്പ്രദായത്തിൽ സംഭാഷണങ്ങൾ ആവർത്തിച്ചും പരിശീലിച്ചുംകൊണ്ട്.

(4) ലക്ഷ്യഭാഷയിലെ ഒരു ഭാഷണ- കോഴ്സിൽ ചേർന്നുകൊണ്ട്.

**139.** ജനനത്തോടെ ആരംഭിക്കുന്നതും ജീവിതത്തിൽ ഉടനീളം തുടരുന്നതുമായ ഒരു തീക്ഷ്ണപ്രക്രിയയാണ് ഭാഷാപഠനം. മേല്പറഞ്ഞ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നോ, അതോ, വിയോജിക്കുന്നോ ?

(1) ഈ പ്രസ്താവനയോട് ഞാൻ യോജിക്കുന്നു.

(2) ഈ പ്രസ്താവനയോട് ഞാൻ വിയോജിക്കുന്നു.

(3) ഞാൻ ഈ പ്രസ്താവനയോട് ഭാഗികമായി യോജിക്കുന്നു.

(4) ഞാൻ ഈ പ്രസ്താവനയോട് ഭാഗികമായി വിയോജിക്കുന്നു.

**140.** അച്ചടിപ്പുസ്തകങ്ങളോടൊപ്പം ശ്രവണ പുസ്തകങ്ങളും കുട്ടികളുടെ തൊട്ടറിയാവുന്ന ശേഷികളെ ബന്ധിപ്പിക്കുന്ന ബുക്കുകളും ക്ലാസ് മുറിയുടെ ഭാഗമായിത്തീരേണ്ടതുണ്ട്, എന്തുകൊണ്ടെന്നാൽ,

(1) അവ ക്ലാസിൽ വൈവിധ്യം ജനിപ്പിക്കുന്നു, വൈവിധ്യം ഉണ്ടായിരിക്കാൻ കുട്ടികൾ ഇഷ്ടപ്പെടുന്നു.

(2) മൂല്യനിർണ്ണയത്തിന് വിവിധ ബുക്കുകൾ ഉണ്ടായിരിക്കുന്നത് അധ്യാപകർക്ക് സ്വാശ്രയത്വം നല്കുന്നു.

(3) വിവിധ വിഭാഗക്കാരായ പഠിതാക്കൾക്ക് പലത് ഉപയോഗിക്കാനുള്ള സൗകര്യമൊരുക്കുന്നു ഇങ്ങനെയുള്ള ബുക്കുകൾ.

(4) ഇവ്വിധ ബുക്കുകൾ അധ്യാപികയ്ക്ക് അമിതഭാരം ഉണ്ടാക്കുന്നില്ല.

**141.** ക്ലാസ് Vലെ അധ്യാപിക വേഗത്തിൽ കഥ വായിക്കാനും അതുകഴിഞ്ഞ് നാലു ചിത്രങ്ങൾ ക്രമപ്പെടുത്താനും അവശ്യപ്പെട്ടു. ഈ പ്രവൃത്തിയുടെ ഉദ്ദേശ്യം,

(1) സചിത്രകാർഡുകളുടെ ക്രമീകരണം.

(2) രത്നച്ചുരുക്കം മനസ്സിലാക്കാൻവേണ്ടി വായന പരിശീലിപ്പിക്കുക.

(3) നിശ്ചിതവിവരത്തിനുവേണ്ടി വായിച്ചറിയാൻ അവരെ പരിശീലിപ്പിക്കുക.

(4) കഥയിലെ പുതിയതും ക്ലിഷ്ടവുമായ പദാവലി വീണ്ടും പരിചയപ്പെടുത്തുക.

**142.** ഇപ്രകാരമുള്ള വായനയ്ക്ക് ചില പഠന ലക്ഷ്യങ്ങളും നിയോഗങ്ങളുമുണ്ട്. പഠിതാക്കൾ ശ്രദ്ധയോടും ആവശ്യമായ സുരക്ഷയോടും കൂടി പുസ്തകം വായിക്കണം എന്നാണ് കരുതപ്പെടുന്നത്. ഇതാണ്,

(1) പരന്നവായന (2) തീക്ഷ്ണവായന

(3) മാർഗ്ഗനിർദ്ദേശകവായന (4) സന്തുഷ്ടവായന

**143.** അധ്യാപിക നല്കുന്ന മാതൃകാവാക്യങ്ങൾ അവർത്തിക്കുന്നതിലൂടെ വിദ്യാർത്ഥികൾ ഭാഷയുടെ ഘടനകൾ പഠിക്കുന്നു. അവർ ശൈലികൾ നിർമിക്കാൻ ഹൃദിസ്ഥമാക്കുന്നു, അവർ കളികൾ ശരിയായി കളിക്കുമ്പോഴും ആ അധ്യാപികയിൽനിന്ന് അവർ ഗുണാത്മകമായ പുനർദൃഢീകരണം നേടുന്നു. ആ അധ്യാപിക ഉപയോഗിക്കുന്നത്,

(1) ശ്രവണഭാഷാസമ്പ്രദായം

(2) ആശയവിനിമയസമീപനം

(3) സമ്പൂർണശാരീരികപ്രതികരണം

(4) ഘടനാപരസമീപനം

**144.** പഠിതാക്കൾ വ്യാകരണനിയമങ്ങളും പദാവലിയും മനഃപാഠം പഠിക്കുന്നു, എന്നിട്ട് ജോലിയുടെ അധികഭാഗവും അവരുടെ മാതൃഭാഷയിൽത്തന്നെ ചെയ്യുന്നു. ഈ ഭാഷാക്ലാസിൽ അധ്യാപിക ഉപയോഗിക്കുന്ന രീതി ഏത് ?

(1) ഋജുസമ്പ്രദായം (2) സ്വാഭാവികസമീപനം

(3) സംവേദനാധ്യാപനം (4) വ്യാകരണവിവർത്തനം

**145.** തങ്ങൾക്കു ചുറ്റിലും രണ്ടുഭാഷകൾ സംസാരിക്കുന്നതു കേൾക്കാൻ കുട്ടികൾ ഇടയായാൽ, ഈ രണ്ടുഭാഷകളുമായുള്ള സമ്പർക്കം,

(1) കുട്ടികൾക്ക് ദോഷമുണ്ടാക്കുന്നു

(2) കുട്ടികൾക്ക് ഗുണം വരുത്തുന്നു

(3) ഒരു വ്യത്യാസവും വരുത്തുന്നില്ല

(4) മനസ്സിലാക്കാൻ അവരിൽ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നു.

**146.** വായിക്കാൻ പഠിക്കേണ്ടതിലെ വലിയ വെല്ലുവിളി എന്തെന്നാൽ, പ്രചോദനം കണ്ടെത്തുകയും നല്ല ബാലസാഹിത്യവുമാണ്. ഈ വെല്ലുവിളി മറികടക്കുന്നതിന് ?

(1) ഗൃഹപാഠം എന്ന നിലയിൽ അവരെ ഓരോ ദിവസവും ഒരോ പുസ്തകം വായിക്കാൻ അധ്യാപിക പ്രചോദിപ്പിക്കണം.

(2) വീട്ടിൽ ഒരു ചെറിയ ഗ്രന്ഥശാല ഉണ്ടാക്കാൻ രക്ഷിതാക്കളെ പ്രോത്സാഹിപ്പിക്കണം.

(3) പ്രചോദിപ്പിക്കുന്നതിനും വായനയിൽ താത്പര്യം ജനിപ്പിക്കുന്നതിനും എളുപ്പത്തിൽ എടുക്കാൻ പറ്റുന്ന ബാലസാഹിത്യം വേണം.

(4) പ്രചോദനം സൃഷ്ടിക്കുന്നതിനും പുസ്തകവായനയിൽ താത്പര്യം ജനിപ്പിക്കുന്നതിനും വേണ്ടി സ്കൂൾ അധികൃതർ പഠിതാക്കളെ നിർബന്ധമായും പുസ്തകമേളകളിലേക്കു കൊണ്ടുപോകണം.

147. പ്രാഥമികതലത്തിൽ വായനശേഷി വിലയിരുത്തുന്ന ഒരു ഭാഷാധ്യാപിക പരമപ്രാധാന്യത്തോടെ ശ്രദ്ധ ചെലുത്തേണ്ടത്,

(1) അക്ഷരമാലയിലെ അക്ഷരങ്ങൾ തിരിച്ചറിയുന്നതിന്

(2) ചിഹ്നങ്ങളുടെ ഉപയോഗത്തിൽ

(3) ഒരു നിശ്ചിതവേഗത്തിൽ വായിക്കുന്നതിന്

(4) ധാരണയോടുകൂടി വായിക്കുന്നതിന്

148. ഒരു നല്ല ഭാഷണപ്രവൃത്തിയിൽ,

(1) അധ്യാപിക കൂടുതൽ വിശദമാക്കുന്നു

(2) പഠിതാക്കൾ കൂടുതൽ ശ്രദ്ധിക്കുന്നു

(3) പഠിതാക്കൾ കൂടുതൽ സംസാരിക്കുന്നു

(4) വായാടികളായ കുട്ടികളുടെ പരമാവധിപങ്കാളിത്തം

149. പാഠം തുടങ്ങുന്ന സമയം അധ്യാപിക ക്ലാസിനെ വിവിധ സംഘങ്ങളായിട്ടു തിരിച്ചു. എന്നിട്ട് അവർ അവസാനം താത്പര്യത്തോടെ വായിച്ച ഒരു ദിനപത്രത്തിലെ ലേഖനത്തെപ്പറ്റി സംസാരിക്കാൻ കുട്ടികളോട് ആവശ്യപ്പെട്ടു. ഇപ്രകാരമുള്ള ഭാഷണപ്രവൃത്തിയുടെ ഉദ്ദേശ്യം.

(1) അനർഗ്ഗളഭാഷണപരിശീലനം

(2) നിയന്ത്രിതഭാഷണപരിശീലനം

(3) മാർഗ്ഗനിർദ്ദേശകഭാഷണപരിശീലനം

(4) സജീവശ്രദ്ധ

150. സമ്പൂർണഭാഷാസമീപനം എന്നാൽ ?

(1) അർത്ഥത്തെ അടിസ്ഥാനമാക്കിയത്

(2) നൈപുണിയെ അടിസ്ഥാനമാക്കിയത്

(3) ശബ്ദമിശ്രണത്തിന്

(4) ശബ്ദസൂചകബന്ധം അനുമാനിക്കുന്നതിന്

- o O o -

SPACE FOR ROUGH WORK

Prepp Your Personal Exams Guide

**: താഴെത്തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാപുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല നീലപ്പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തിക സൂക്ഷിച്ചു കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തികസങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാപുസ്തികസങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ കടലാസ്സുകഷ്ണങ്ങളോ പേജറോ, മൊബൈൽ ഫോണോ, വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടുവരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി പരീക്ഷാർത്ഥിക്കെതിരെ പരീക്ഷ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററെ അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററുടെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടുതവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാംപ്രാവശ്യം ഹാജർ ഷീറ്റ് ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും. **ഹാജർഷീറ്റിൽ പറഞ്ഞിട്ടുള്ളസ്ഥാനത്ത് പരീക്ഷാർത്ഥി തന്റെ ഇടതുകൈയിലെ വിരലടയാളം പതിച്ചിരിക്കേണ്ടതാണ്.**
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാനിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. എല്ലാവിധക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻപാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

prepp
Your Personal Exams Guide

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अंगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा।
14. किसी भी परिस्थिति में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व उत्तर पत्र निरीक्षक को अवश्य सौंप दें।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

## READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue / Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against the Candidate including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***